നായാടിക്കുന്നു പട്ടികജാതി കോളനിയുടെ വൈദ്യുതീകരണം

984. [1438] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ നായാടിക്കുന്നു പട്ടികജാതി കോളനി വയറിംഗ് കഴിഞ്ഞിട്ട് അഞ്ചു വർഷമായിട്ടും വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കോളനി വൈദ്യുതീകരിക്കാത്തതിന് എന്താണ് കാരണം ;

(സി) നിലവിലുള്ള ഏറ്റവും അടുത്ത വൈദ്യുതി ലൈനിലേക്ക് ഈ കോളനിയിൽ നിന്ന് എത്ര ദൂരമുണ്ട് ;

(ഡി) ഈ കോളനി എന്നത്തേക്ക് വൈദ്യുതീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(ഇ) കോളനിയിലെ വൈദ്യുതീകരണ നടപടികൾ താമസിപ്പിച്ചതിന് ഉത്തരവാദിയായവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി, ഇ) ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള വർക്കിംഗ് ഗ്രൂപ്പ് നായാടിക്കുന്നു പട്ടികജാതി കോളനി വൈദ്യുതീകരണത്തിന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതീകരിക്കുന്നതാണ്.

അന്നനാട് ലിഫ്ട് ഇറിഗേഷനു വൈദ്യുതി കണക്ഷൻ

985. [1441] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലുള്ള അന്നനാട് ലിഫ്ട് ഇറിഗേഷൻ പണി പൂർത്തിയായിട്ടും വൈദ്യുതി കണക്ഷൻ കിട്ടാത്തതിനാൽ ഇത് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല എന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനെപ്പറ്റി അന്വേഷിച്ച് കണക്ഷൻ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ കണക്ഷൻ എന്നത്തേക്ക് കൊടുക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിക്കവാറും ജോലികൾ പൂർത്തിയായിട്ടുണ്ട്.

(സി) 1986 ഡിസംബർ അവസാനത്തോടുകൂടി കൊടുക്കാൻ സാധിക്കുമെന്നു കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly